പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2873 | 07.02.2018-ൽ മറുപടിക്ക്

## കോരപ്പുഴ, മൂരാട് പാലങ്ങളുടെ പുനർനിർമ്മാണം

| ചോദ്യം<br>ശ്രീ.കെ. ദാസൻ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊയിലാണ്ടി, എലത്തൂർ മണ്ഡലങ്ങളുമായി ബന്ധപ്പെട്ട കോരപ്പുഴ പാലത്തിന്റെയും കൊയിലാണ്ടി വടകര മണ്ഡലങ്ങളുമായി ബന്ധപ്പെട്ട മൂരാട് പാലത്തിന്റെയും പുനർനിർമ്മാണ നടപടികൾ എവിടെവരെയായിയെന്ന് വിശദമാക്കാമോ? | (എ) കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണത്തിന്റെ സാങ്കേതികാനുമതി നൽകുന്നതിനായുള്ള ഡി.പി.ആർ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ പരിശോധിച്ചുവരുകയാണ്.<br><br>മൂരാട് പാലം എൻ.എച്ച് 66-ൽ വരുന്നതാണ്. ഈ പാലം വരുന്ന ഭാഗം ഉൾപ്പെടെ വെങ്ങളം മുതൽ കർണാടക ബോർഡർ വരെ ( 17/000 മുതൽ 230/000 കി.മി) വീതി കൂട്ടി പുനരുദ്ധരിക്കുന്നതിന് NHAI തീരുമാനിച്ചിട്ടുണ്ട്. ആയതിന് സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പുരോഗമിക്കുകയാണ്. ആയത് പൂർത്തിയാക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ നിലവിലെ സാഹചര്യത്തിൽ ഈ ഭാഗത്ത് വരുന്ന മൂരാട് പാലം മാത്രം പ്രത്യേകം പരിഗണിച്ച് ഒറ്റപ്പെട്ട പ്രവൃത്തിയായി നടപ്പിലാക്കുന്നതിന് MoRTH നോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ